പൂർത്തീകരിക്കുന്നതിനുവേണ്ടി ഒരു കൺസപ്റ്റ് പേപ്പർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ കൺസപ്റ്റ് പേപ്പർ സർക്കാർ തലത്തിൽ ചർച്ച ചെയ്യുകയും അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവ നടപ്പാക്കുന്നതിനുള്ള കൺസൾട്ടൻസിയെ നിയമിക്കുവാൻ വേണ്ടി ഒരു ഉന്നതതല കമ്മറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെ ഹെൽത്ത് സെന്ററുകളിൽ പുതിയ പദ്ധതികൾ

88 (2212) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക്, മറ്റ് ഇതര ഏജൻസികൾ എന്നിവയുടെ സഹായത്തോടെ പട്ടാമ്പി, ഷൊർണ്ണൂർ, കൊപ്പം പബ്ലിക് ഹെൽത്ത് സെന്റർ, വല്ലപ്പുഴ ഹോസ്പിറ്റൽ, വിളയൂർ പി. എച്ച്. സെന്റർ എന്നിവിടങ്ങളിൽ പുതിയ പദ്ധതികൾക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഹെൽത്ത് സെന്ററുകളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള നബാർഡ് പദ്ധതിയിൽ പട്ടാമ്പി ഗവൺമെന്റ് ആശുപത്രി, ഷൊർണ്ണൂർ ഗവൺമെന്റ് ആശുപത്രി, കൊപ്പം പി. എച്ച്. സെന്റർ, വിളയൂർ പി. എച്ച്. സെന്റർ എന്നിവയെ ഉൾപ്പെടുത്തുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. വല്ലപ്പുഴ ആശുപത്രിക്ക് ധനസഹായത്തിനുള്ള നിവേദനം ലഭിച്ചിട്ടില്ല.

(ബി) നബാർഡ് സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

89 (2213) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നുണ്ടോ ?

ഉത്തരം

ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly